(ബി) 28-3-2012-ൽ സർക്കാർ ഉടമസ്ഥതയിൽ സ്ഥാപിച്ച സെക്ഷൻ 25 കമ്പനിയായ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ ഉദ്ദേശലക്ഷ്യം വിവിധ മേഖലയിൽ നൈപുണ്യവികസന കേന്ദ്രങ്ങൾ ആരംഭിക്കുക എന്നതാണ്. ടി കേന്ദ്രങ്ങളിലൂടെ അതതു മേഖലകളിൽ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യമാണ് കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) വിവിധ മേഖലകളിൽ നൈപുണ്യവികസന കേന്ദ്രങ്ങൾ തുടങ്ങുന്നതിനു അതതു മേഖലയിൽ മികവ് പുലർത്തുന്ന സ്വകാര്യ പങ്കാളിയെ സർക്കാർ അനുശാസിക്കുന്ന നടപടിക്രമങ്ങളിലൂടെകണ്ടെത്തി, തുടർന്ന് KASE-മായി ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുക വഴി അവരുടെ സേവനം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

(ഡി) KASE മുഖേന വിവിധ മേഖലയിൽ നൈപുണ്യവികസന കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള തുക ബഡ്ജറ്റിൽ വകയിരുത്തി പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട്.

വ്യാജതൊഴിലാളി കാർഡുകൾ

207 (3643) ശ്രീ. ആർ. സെൽവരാജ് :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാജ തൊഴിലാളി കാർഡുകൾ ആരെങ്കിലും അനർഹമായി കരസ്ഥമാക്കി യതായി കണ്ടെത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇത്തരം കാർഡുകൾ കൈവശപ്പെടുത്തിയവരെ കണ്ടെത്താനും ഇവ റദ്ദുചെയ്യാനും നടപടി സ്വീകരിക്കുമോ ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ രണ്ടും, കൊല്ലം ജില്ലയിൽ പന്ത്രണ്ടും തൊഴിലാളികൾ അനർഹമായി ചുമട്ട് തൊഴിലാളി കാർഡുകൾ കരസ്ഥമാക്കിയതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) അനർഹമായി കൈവശപ്പെടുത്തിയ കാർഡുകൾ റദ്ദ് ചെയ്ത് ഉത്തരവായിട്ടുണ്ട്.

(സി) ഇതിനായി ജില്ലയിലെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, അവരുടെ അധികാര പരിധിയിൽ, നിലവിൽ തൊഴിൽചെയ്യുന്ന തൊഴിലാളികളുടെ കാർഡുകൾ, പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. അനധികൃതമായി ചുമട്ടുതൊഴിൽ തിരിച്ചറിയൽ കാർഡ് കരസ്ഥമാക്കിയ ചുമട്ടുതൊഴിലാളികളുടെ കാർഡുകൾ പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി വകുപ്പിലെ ഡെപ്യൂട്ടി ലേബർ ഓഫീസർമാർ ഉത്തരവിലൂടെ റദ്ദ് ചെയ്യുകയും കാർഡിനുള്ള അപേക്ഷകൾ നിയമനാനുസൃതം പരിശോധിക്കാതെയും ക്രമരഹിതമായും തിരിച്ചറിയൽ കാർഡ് നൽകിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

തൊഴിൽ വകുപ്പിലെ പദ്ധതി വിഹിതം

208 (3644) ശ്രീ. എളമരം കരീം :

ശ്രീ. പി. കെ. ഗുരുദാസൻ :

ശ്രീ. വി. ചെന്താമരാക്ഷൻ :

ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ വകുപ്പ് 2014-15 വർഷം നടപ്പാക്കുന്ന ഏതൊക്കെ പദ്ധതികൾക്കാണ് പദ്ധതി വിഹിതം ഇനത്തിൽ തുക വകയിരുത്തിയിരുന്നതെന്ന് അറിയി ക്കാമോ ;

(ബി) അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുപ്രകാരം 749 കോടിയുടെ പദ്ധതി വിഹിതത്തിൽ 169 കോടി ചെലവഴിക്കപ്പെടാതെ പോയതിന്റെ കാരണങ്ങൾ പരിശോധിച്ചിരുന്നോ ;

(സി) ഏതൊക്കെ പദ്ധതികൾ പൂർത്തീകരിക്കാൻ സാധിച്ചെന്നും മറ്റുള്ളവയുടെ നിലവിലെ സ്ഥിതിയെന്തെന്നും വിശദമാക്കാമോ ?